ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 26.05.2025 TIME : 12.50 PM

## പ്രധാന വാർത്തകൾ

1.) ദാഹോദ് ലോക്കോമോട്ടീവ് നിർമ്മാണ പ്ലാന്റ് പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തിന് സമർപ്പിച്ചു. ഗുജറാത്തിൽ 82,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും.

**Prime Minister Narendra Modi dedicates Dahod Locomotive manufacturing plant to the nation. PM will launch various developmental works worth over 82 thousand crore rupees in Gujarat.**

2) രാജ്യത്തിന്റെ പ്രധാനമന്ത്രിയായി നരേന്ദ്ര മോദി ചുമതലയേറ്റിട്ട് ഇന്ന് പതിനൊന്ന് വർഷം.

**Prime Minister Narendra Modi has completed eleven years in office today.**

3) പാക് ഭീകരതയ്ക്ക് പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും ഇന്ത്യ ശിക്ഷയുറപ്പാക്കുമെന്ന് കോൺഗ്രസ് എംപി ശശി തരൂർ. ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര പര്യടനം തുടർന്ന് പ്രതിനിധി സംഘങ്ങൾ.

**All-party delegations tell world leaders that India now has a new approach in combating cross-border terrorism and anyone involved in such crimes will not go unpunished.**

4) സംസ്ഥാനത്ത് കരുത്താർജ്ജിച്ച് കാലവർഷം; 11 ജില്ലകളിൽ ചുവപ്പുജാഗ്രത. കേരളാതീരത്ത് രൂക്ഷമായ കടലാക്രമണത്തിന് സാധ്യത

**Southwest monsoon intensified in Kerala, Red alert issued for 11 districts. High waves possibility in Kerala coasts.**

5) -അറബിക്കടലിൽ മുങ്ങിയ ലൈബീരിയൻ കപ്പലിൽ നിന്നുള്ള കണ്ടെയ്നറുകൾ കൊല്ലം, ആലപ്പുഴ തീരങ്ങളിൽ അടിഞ്ഞു. തീരദേശവാസികൾക്ക് ജാഗ്രതാനിർദേശം

**Containers from sunken Liberian ship washed ashore in Kollam and Alpuzha. Kerala on high alert.**

6) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ് മുംബൈ ഇന്ത്യൻസിനെ നേരിടും.

**In IPL Punjab Kings will take on Mumbai Indians today.**

&&&&&&&&&&&&&&&&&&

## HEADLINE-1

**PM**

ഗുജറാത്തിലെ ദാഹോദ് ലോക്കോമോട്ടീവ് നിർമ്മാണ പ്ലാന്റ് പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തിന് സമർപ്പിച്ചു. ഇലക്ട്രിക് ലോക്കോമോട്ടീവിൻറെ ഫ്ലാഗ് ഓഫും അദ്ദേഹം നിർവഹിച്ചു. 20,000 കോടി രൂപ ചെലവിൽ നിർമിച്ച ലോക്കോമോട്ടീവ് നിർമ്മാണ പ്ലാൻറിലൂടെ അടുത്ത 10 വർഷത്തിനിടെ 1200 എഞ്ചിനുകൾ നിർമിക്കാൻ സാധിക്കും. വെരാവൽ-അഹമ്മദാബാദ് വന്ദേഭാരത് എക്സ് പ്രസ്, വൽസാദ്-ദാഹോദ് എക്സ്പ്രസ് ട്രെയിൻ തുടങ്ങി വിവിധ റെയിൽ പദ്ധതികൾക്കും അദ്ദേഹം തുടക്കം കുറിച്ചു. വഡോദരയിൽ റോഡ്ഷോയിൽ പങ്കെടുത്ത ശേഷമാണ് അദ്ദേഹം ചടങ്ങിൽ എത്തിയത്. ഗുജറാത്തിൽ 82,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും. രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഗുജറാത്തിൽ എത്തിയ പ്രധാനമന്ത്രിക്ക് ഊഷ്മളമായ സ്വീകരണമാണ് ജനങ്ങൾ നൽകിയത്. ഭുജിൽ, 53,400 കോടി രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും പ്രധാനമന്ത്രി ഇന്ന് നിർവഹിക്കും. ഭുജിലും പ്രധാനമന്ത്രി ഇന്ന് റോഡ് ഷോയിൽലുംപങ്കെടുത്തു.

&&&&&&&&&&&&&&&&&

## HEADLINE-2

**PM - 11 YEARS**

ഇന്ത്യയുടെ പ്രധാനമന്ത്രിയായി നരേന്ദ്ര മോദി ചുമതലയേറ്റിട്ട് ഇന്ന് പതിനൊന്ന് വർഷം പൂർത്തിയായി. 2014 മെയ് 26 നാണ് അദ്ദേഹം സത്യപ്രതിജ്ഞ ചെയ്തത്. സമസ്ത മേഖലകളിലും നിർണായക മാറ്റങ്ങൾക്കാണ് രാജ്യം കഴിഞ്ഞ 11 വർഷത്തിനിടെ സാക്ഷ്യം വഹിച്ചത്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും ശ്രീ മോദിയുടെ കാഴ്ചപ്പാടുകൾ വളരെയേറെ ഗുണം ചെയ്തു. വികസന കാഴ്ചപ്പാടുകളിലൂന്നിയ, നിശ്ചയദാർഢ്യമുള്ള ഭരണാധികാരിയായാണ് ജനങ്ങൾ അദ്ദേഹത്തെ കാണുന്നത്.

&&&&&&&&&&&&&&&&&

## HEADLINE-3

**FUR. REV. ALL PARTY (intro)**

പാകിസ്ഥാൻ പിന്തുണയോടെ നടക്കുന്ന അതിർത്തി കടന്നുള്ള ഭീകരവാദത്തിന് പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും ഇന്ത്യ ശിക്ഷയുറപ്പാക്കുമെന്ന് കോൺഗ്രസ് എംപി ശശി തരൂർ. ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര വിശദീകരണത്തിന്റെ ഭാഗമായി ന്യൂയോർക്കിലെ ഇന്ത്യൻ കോൺസുലേറ്റ് സംഘടിപ്പിച്ച കമ്മ്യൂണിറ്റി പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ്)

ശശി തരൂർ ഉൾപ്പെടെയുള്ള നേതാക്കളുടെ നേതൃത്വത്തിൽ ഏഴ് സർവകക്ഷി പ്രതിനിധിസംഘങ്ങളെയാണ് ഇന്ത്യ 32 രാജ്യങ്ങളിലേക്ക് നിയോഗിച്ചിരിക്കുന്നത്. ന്യൂയോർക്കിലെ 9/11 സ്മാരകം പ്രതിനിധിസംഘം സന്ദർശിച്ചു. ഗയാന വൈസ് പ്രസിഡന്റ് ഭരത് ജഗ്ദിയോയുമായും സംഘം കൂടിക്കാഴ്ച നടത്തി.
ബിജെപി എംപി ബൈജയന്ത് ജയ് പാണ്ഡയുടെ നേതൃത്വത്തിലുള്ള സർവകക്ഷി പ്രതിനിധി സംഘം ബഹ്റൈൻ ഉപപ്രധാനമന്ത്രി ഷെയ്ഖ് ഖാലിദ് ബിൻ അബ്ദുള്ള അൽ ഖലീഫയുമായി ചർച്ച നടത്തി. അതിർത്തി കടന്നുള്ള ഭീകരതയുടെ വെല്ലുവിളിയെക്കുറിച്ചും ഇതിനെ ചെറുക്കുന്നതിലെ ഇന്ത്യയുടെ ദൃഢനിശ്ചയത്തെക്കുറിച്ചും പ്രതിനിധി സംഘം വിശദീകരിച്ചു.
ജെഡി (യു) എംപി സഞ്ജയ് ഝായുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച വിശദവിവരങ്ങൾ ദക്ഷിണ കൊറിയയിലെ ഇന്ത്യൻ പ്രവാസി സമൂഹവുമായി പങ്കുവെച്ചു. പ്രമുഖ കൊറിയൻ നേതാക്കളുമായി സംഘം ആശയവിനിമയം നടത്തി.
ഖത്തറിലെ പ്രമുഖ നേതാക്കളുമായി എൻസിപി എംപി സുപ്രിയ സുലെയുടെ നേതൃത്വത്തിലുള്ള സർവകക്ഷി പ്രതിനിധി സംഘം ദോഹയിൽ കൂടിക്കാഴ്ച നടത്തി. ഡിഎംകെ എംപി കനിമൊഴി കരുണാനിധിയുടെ നേതൃത്വത്തിലുള്ള സർവകക്ഷി സംഘം സ്ലോവേനിയ സന്ദർശിച്ച് ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ ശക്തമായ സന്ദേശം കൈമാറി.

സർവകക്ഷി പ്രതിനിധികൾ നടത്തുന്ന ശ്രമങ്ങളെ വിദേശകാര്യ മന്ത്രി എസ് ജയശങ്കർ പ്രശംസിച്ചു. ഭീകരതയോട് സഹിഷ്ണുതയില്ലെന്ന നിലപാട് രാജ്യം ഒറ്റക്കെട്ടായി മുന്നോട്ട് വക്കുകയാണെന്ന് ഡോ. ജയശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## HEADLINE-4

### RAIN-KERALA

കേരളത്തിൽ കാലവർഷം ശക്തി പ്രാപിക്കുന്നു. അടുത്ത അഞ്ചു ദിവസം വ്യാപക മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത. പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പു ജാഗ്രത തുടരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിത്തത്തിന് വിലക്കേർപ്പെടുത്തി.

കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ഇടുക്കി, കോട്ടയം, തൃശ്ശൂർ, എറണാകുളം, പത്തനംതിട്ട ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്കും അഭിമുഖത്തിനും മാറ്റമില്ല. വയനാട് ജില്ലയിൽ അങ്കണവാടികൾ, മദ്രസകൾ, സ്പെഷ്യൽ സ്കൂളുകൾ എന്നിവയ്ക്ക് അവധി പ്രഖ്യാപിച്ചു. കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയും കേരള സാങ്കേതിക സർവകലാശാലയും ഇന്ന് നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു.

&&&&&&&&&&&&&&&&&&

### RAIN ALERT

കേരള തീരത്ത് ഇന്ന് രാത്രി 8.30 വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്. കൊല്ലം, ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നിവിടങ്ങളിൽ കടലാക്രമണ സാധ്യതയ്ക്കുള്ള ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം കാപ്പിൽ മുതൽ പൊഴിയൂർ വരെ ഓറഞ്ച് ജാഗ്രതയാണ്. കന്യാകുമാരി ജില്ലയിലെ നീരോടി മുതൽ ആരോക്യപുരം വരെയുള്ള തീരങ്ങളിൽ ഇന്ന് രാത്രി ഉയർന്ന തിരയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. കേരള, കർണാടക, ലക്ഷദ്വീപ് തീരത്ത് മണിക്കൂറിൽ 35 മുതൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ട്. ഈ

മാസം 29 വരെ കേരള, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മത്സ്യബന്ധനം പാടില്ല.

&&&&&&&&&&&&&&&&&&

**RIVER – ALERT**

കോഴിക്കോട് ജില്ലയിലെ കോരപ്പുഴ, പത്തനംതിട്ട ജില്ലയിലെ മണിമല, തിരുവനന്തപുരം ജില്ലയിലെ വാമനപുരം, വയനാട് ജില്ലയിലെ കബനി എന്നീ നദികളിൽ ഓറഞ്ച്, മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഈ നദികളുടെ കരയിലുള്ളവർ ജാഗ്രത പാലിക്കണം. യാതൊരു കാരണവശാലും നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല. തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കണം. പ്രളയ സാധ്യതയുള്ളയിടങ്ങളിൽ നിന്ന് മാറി താമസിക്കാൻ തയ്യാറാവണവെന്നും അധികൃതർ അഭ്യർഥിച്ചു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........

&&&&&&&&&&&&&&&&&&

# HEADLINE-5

**KOLLAM CONTAINER (INTRO)**

***അറബിക്കടലിൽ മുങ്ങിയ ലൈബീരിയൻ ചരക്കുകപ്പലിൽ നിന്നുള്ള കണ്ടെയ്നറുകൾ കൊല്ലം, ആലപ്പുഴ തീരങ്ങളിൽ അടിഞ്ഞു. 25 ഓളം കണ്ടെയ്നറുകൾ കൊല്ലം തീരത്ത് കണ്ടെത്തി. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും പൊലിസും ഫയർഫോഴ്സും മലിനീകരണ നിയന്ത്രണബോർഡും ആരോഗ്യവിഭാഗവും കസ്റ്റംസും ഫിഷറീസ് ഉദ്യോഗസ്ഥരും സ്ഥലത്തെത്തി പരിശോധനകൾ നടത്തി.***

***വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.***

*(വോയ്സ്)*

&&&&&&&&&&&&&&&&&&

## CONTAINER - ALERT

ചരക്കു കപ്പൽ അപകടവുമായി ബന്ധപ്പെട്ട് തീരദേശവാസികൾ ആശങ്കപ്പെടേണ്ടതില്ലെന്നും ജാഗ്രത പാലിച്ചാൽ മതിയെന്നും അധികൃതർ അറിയിച്ചു. തീരത്ത് അപൂർവ വസ്തുക്കൾ, കണ്ടെയ്നർ എന്നിവ കണ്ടാൽ തൊടരുതെന്നും അടുത്ത് കൂട്ടം കൂടരുതെന്നും 200 മീറ്റർ എങ്കിലും അകലം പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്. ഇത്തരം വസ്തുക്കളെക്കുറിച്ച് വിവരം ലഭിച്ചാൽ 112 എന്ന നമ്പറിൽ അറിയിക്കണം. കപ്പൽ മുങ്ങിയ സ്ഥലത്ത് നിന്ന് 20 നോട്ടിക്കൽ മൈൽ ദൂരപരിധിയിൽ മത്സ്യബന്ധനം നടത്തരുത്.

&&&&&&&&&&&&&&&&&&

## Byelection

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ ഇന്ന് പുറത്തിറക്കി. കേരളത്തിലെ നിലമ്പൂർ ഉൾപ്പെടെ രാജ്യത്തെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് അടുത്ത മാസം 19ന് നടക്കും. അടുത്തമാസം 23ന് ആണ് വോട്ടെണ്ണൽ. സ്ഥാനാർഥി നിർണയത്തിനായി രാഷ്ട്രീയ പാർടികൾ തിരക്കിട്ട ചർച്ചകളിലാണ്.

&&&&&&&&&&&&&&&&&&

## J K- JITENDRA SINGH

ജമ്മുകശ്മീരിലെ ഇന്തോ-പാക് അതിർത്തിയിലും നിയന്ത്രണ രേഖയിലും അടുത്തിടെയുണ്ടായ സംഘർഷങ്ങളിൽ പരിക്കേറ്റ സൈനികരെ കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് സന്ദർശിച്ചു. സൈനികരുടെ അചഞ്ചലമായ ധൈര്യത്തെ പ്രശംസിച്ച കേന്ദ്രമന്ത്രി, രാഷ്ട്രം ഈ ധീരതയ്ക്ക് എക്കാലവും കടപ്പെട്ടിരിക്കുന്നതായും വ്യക്തമാക്കി. സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ ഇന്നലെ ഉദംപൂരിലെ നോർത്തേൺ സൈനിക കമാൻഡ് സന്ദർശിച്ചിരുന്നു. പാക് ഭീകര ശൃംഖലകളെ

നശിപ്പിക്കുന്നതിൽ ഓപ്പറേഷൻ സിന്ദൂറിലൂടെ കൈവരിച്ച വിജയത്തെക്കുറിച്ച് അദ്ദേഹം സേനാഗംങ്ങളോട് സംവദിച്ചു. അതിർത്തിയിലെ സിവിലിയന്മാർക്കായുള്ള പുനരധിവാസ ശ്രമങ്ങളും സിഡിഎസ് അവലോകനം ചെയ്തു.

&&&&&&&&&&&&&&&&&

## HEADLINE-6

**IPL – PBKS vs MI**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ് മുംബൈ ഇന്ത്യൻസിനെ നേരിടും. ജയ്പൂരിലെ സവായ് മാൻസിംഗ് സ്റ്റേഡിയത്തിൽ രാത്രി 7.30നാണ് മത്സരം. ഇരു ടീമുകളും പ്ലേഓഫിൽ സ്ഥാനം നേടിയെങ്കിലും, ഇന്ന് ജയിക്കുന്ന ടീം ആദ്യ രണ്ട് സ്ഥാനങ്ങളിൽ ഒന്ന് ഉറപ്പിച്ച് ഒന്നാം ക്വാളിഫയർ യോഗ്യത നേടും.

&&&&&&&&&&&&&&&&&

**SENSEX+GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം.ബോംബെ ഓഹരി സൂചിക സെൻസെക്സ് 379 പോയിന്റ് നേട്ടത്തിൽ 82,160 ലും,ദേശീയ ഓഹരി സൂചിക നിഫ്റ്റി 115 പോയിന്റ് ഉയർന്നു 24,968 ലും വ്യാപാരം തുടരുന്നു.

സ്വർണ വില കുറഞ്ഞു . പവന് 320 രൂപ കുറഞ്ഞു 71,600 രൂപയും, ഗ്രാമിന് 8,950 രൂപയുമാണ് ഇന്നത്തെ വില .

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&